# ആകാശചുംബികൾക്കൊരു 'ജൂഡ്സൺ ടച്ച്'



**ആദിത്യൻ**

ആകാശചുംബികളായി ഉയരുന്ന കെട്ടിടങ്ങൾ കാഴ്ചക്കാരനിൽ ആദ്യം ഉണർത്തുന്ന വികാരം അമ്പരപ്പാണ്. എന്നാൽ ഈ കെട്ടിടങ്ങൾ വിഭാവനം ചെയ്യുന്നയാളിന്റെ മനസ്സിലത് അപ്രമേയവും അപൂർവവുമായ കാലത്തിനു മേൽ തന്റെ മനസ്സിനെ പ്രതിഷ്ഠിക്കലാണ്. കേരളത്തിലും ഗൾഫിലുമായി നഗരഹൃദയങ്ങൾക്ക് അഭിമാനമായി ഉയർന്നുനിൽക്കുന്ന പി ആർ ജൂഡ്സൺ അംബര ചുംബികൾക്ക് അകം പുറം കാഴ്ചകൾ വിഭാവനം ചെയ്തുവെങ്കിലും ഇന്നും പുറം ലോകത്തിനുമുമ്പിൽ അദൃശ്യനായി നിൽക്കുന്നു. ദുബൈ സബീൽ കൊട്ടാരത്തിലെ മലപ്പുറം സ്വദേശിയായ പ്രമുഖനായ അസ്‌ലം മൊഹിദീന്റെ വീടുമുതൽ സംസ്ഥാനത്തിന്റെ അഭിമാനം ഉയർത്തുന്ന വീഗാലാൻഡ് വരെ നീളുന്ന കെട്ടിടങ്ങളുടെ നിര വിഭാവനം ചെയ്തത് ജൂഡ്സണാണ്.

ജൂഡ്സൺ എൻജിനീയറല്ല, ആർക്കിടെക്ടുമല്ല. അല്ലെങ്കിൽ ഈ ബിരുദങ്ങൾ അദ്ദേഹത്തിന്റെ കൈവശമില്ല. പക്ഷേ ഡ്രാഫ്റ്റ്സ്മാൻ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു പോലുമില്ലാത്ത കൊച്ചിക്കാരനായ ഈ യുവാവ് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അറിയപ്പെടുന്ന ആർക്കിടെക്ട് വിഷ്വലൈസറാണ്. ഇന്ത്യയിൽ തന്നെ വളരെ ചുരുക്കം വരുന്നവരുടെ ഗണത്തിലാണ് ജൂഡ്സന്റെ സ്ഥാനം. കൊച്ചിയിലെ ചെറിയ ഓഫീസ് മുറിയിലിരുന്ന് കടലാസിലും കമ്പ്യൂട്ടറിലുമായി ജൂഡ്സൺ കോറിയ വരകളും ചാലിച്ച നിറങ്ങളുമാണ് കേരളത്തിലെയും ഗൾഫിലെയും പല നഗരങ്ങളിലും ഗർവോടെ ഉയർന്നു നിൽക്കുന്ന സൗധങ്ങളായി രൂപം കൊണ്ടത്. സൗദി അറേബ്യയിലും യു.എ.ഇയിലും ഖത്തറിലും ആസ്ട്രേലിയയിലുമായി വ്യാപിച്ചു കിടക്കുകയാണ് 'ജൂഡ്സൺ ടച്ച്'ഉള്ള കെട്ടിടങ്ങൾ.

എൻജിനീയറിംഗിന്റെയും ചിത്രകലയുടെയും ശിൽപകലയുടെയും സമന്വയമായ ബിൽഡിംഗ് വിഷ്വലൈസേഷനിലേക്ക് തിരിച്ചുവിട്ടതിനും പ്രാഗത്ഭ്യത്തിലേക്ക് എടുത്തുയർത്തിയതിനും ജൂഡ്സൺ നന്ദി പറയുന്നത് ഗൾഫിനോടാണ്. ദോഹയിലെ സ്റ്റുഡിയോയിൽ സഹായിയായെത്തി കഷ്ടപ്പാടിന്റെയും യാതനകളുടെയും നാളുകൾ പിന്നിട്ട് കഴിവിന്റെ മാത്രം ബലത്തിൽ ഉയരത്തിലെത്തിയ വലിയ കഥ പറയുമ്പോൾ ജൂഡ്സൺ നന്ദിയോടെ സ്മരിക്കുന്ന രണ്ടു വ്യക്തികളുണ്ട്.

ഈജിപ്ഷ്യൻ ആർക്കിടെക്ടായ മേതൽ.എം. ഉസ്മാനും ദുബൈയിലെ ഭരണവൃത്തങ്ങളിലും പൊതുസമൂഹത്തിനിടയിലും അറിയപ്പെട്ട ഉന്നതോദ്യോഗസ്ഥനായിരുന്ന അസ്‌ലം മൊഹിയുദ്ദീനും. ജൂഡ്സന്റെ കഴിവുകൾ തിരിച്ചറിഞ്ഞതും നിർമാണകലയിൽ [illegible] പ്രേരിപ്പിച്ചത് മേതൽ. എം. ഉസ്മാനാണ്. ഈ കഴിവുകൾക്ക് ഗൾഫിലാകെ പ്രചാരം നൽകിയത് അസ്‌ലമും.

പതിനഞ്ചു വർഷത്തെ ഗൾഫ് വാസത്തിനിടയിൽ ദുബൈയിലും കൊച്ചിയിലും ജൂഡ്സൺ ഓഫീസുകൾ തുറന്നു. ഇന്റർനെറ്റ് യുഗം പിറന്നതോടെ കടലാസിൽ നിന്നും കമ്പ്യൂട്ടറിലേക്ക് ചേക്കേറാനും ഒട്ടും വൈകിയില്ല. ബ്രഷു പോലെ തന്നെ മൗസും ജൂഡ്സണ് വഴങ്ങി. ഗൾഫിലെ മുഴുവൻ സമയവാസം അവസാനിപ്പിച്ച് കേരളത്തിലെത്തിയ ജൂഡ്സനെ അവസരങ്ങൾ തേടിയെത്തി. പനമ്പിള്ളി നഗറിലെ ചോയ്സ് ടവറിലാണ് ആദ്യം കയ്യൊപ്പ് ചാർത്തിയത്. മറൈൻഡ്രൈവിന്റെ ഗാംഭീര്യമായി ഉയർന്നു നിൽക്കുന്ന ഫെഡറൽ ടവേഴ്സിന്റെ രൂപഭംഗി നിശ്ചയിച്ചതും ജൂഡ്സൺ തന്നെ. മറൈൻഡ്രൈവിൽ തന്നെ നിർമാണത്തിലിരിക്കുന്ന കേരള ട്രേഡ് സെന്റർ, എം.ജി റോഡിൽ എ ടു സെഡ് ഗ്രൂപ്പ് സ്ഥാപിക്കാനിരിക്കുന്ന കപ്പൽമാതൃകയിലുള്ള ബഹുനില മന്ദിരം തുടങ്ങിയവയും ജൂഡ്സന്റെ കരവിരുതറിഞ്ഞു കഴിഞ്ഞു. പ്രമുഖ നിർമാണ ഗ്രൂപ്പായ സ്കൈലൈന്റെ എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പനയും ഇദ്ദേഹത്തിന്റേതു തന്നെ. ഗോഥിക്, റോമൻ, പേർഷ്യൻ വാസ്തുശിൽപകലകളുടെ സാരാംശം സ്വാംശീകരിക്കാനും കേരളത്തിന്റെ പരമ്പരാഗതശൈലിയെ ഇതിലേക്ക് സമന്വയിപ്പിക്കാനും ശ്രമിച്ചതിന്റെ നിദർശനമാണ് ജൂഡ്സന്റെ പല കെട്ടിടങ്ങളും.

വീടുകളും കെട്ടിട സമുച്ചയങ്ങളുമെല്ലാം ഒരു ആശയമായാണ് ആദ്യം ഉരുത്തിരിയുന്നതെന്ന് ജൂഡ്സൺ പറഞ്ഞു. അതൊരു കലാരൂപമായി മാറുന്നിടത്താണ് രൂപകൽപ്പനയുടെ വിജയം. കെട്ടിടത്തിന്റെ പ്ലാനിന്റെ ദ്വിമാന സ്വഭാവത്തിന് ത്രിമാന കാഴ്ച നൽകണം. ആ കാഴ്ചയിൽ നിറങ്ങളുണ്ടാകണം. നിർമാണം പൂർത്തിയാകുന്നതിനു മുമ്പു തന്നെ അതെന്തായിരിക്കും എന്നു കാണിച്ചു കൊടുക്കണം. മനസിൽ കാണുന്ന ആശയം നിർമാണഘട്ടത്തിലെത്തുന്നതിന് മുമ്പു തന്നെ യാഥാർഥ്യത്തോടടുപ്പിക്കുകയാണ് വിഷ്വലൈസറുടെ ജോലി. പ്രകൃതിയുമായി അലിയുന്ന കണ്ണിൽ കുത്താത്ത കെട്ടിടങ്ങളാണ് മനസിലുള്ളതെന്നും ജൂഡ്സൺ വിശദീകരിക്കുന്നു.

അജ്ഞാതനായിരുന്ന് കെട്ടിടങ്ങൾക്ക് രൂപം കൊടുത്ത കാലത്തിനു വിട പറയാനൊരുങ്ങുകയാണ് ജൂഡ്സണിപ്പോൾ. സ്വന്തം ലൈൻ വെട്ടിത്തുറക്കാൻ അൽപം വൈകിയെന്ന സംശയമാണ് തന്നെ ഇതിന് പ്രേരിപ്പിക്കുന്നതെന്ന് ജൂഡ്സൺ പറയുന്നു. കൊച്ചി
യിൽ ഹൈ ടെക് കൺസ്ട്രക്ഷൻ കമ്പനി നടത്ത
എൻജിനീയറായ സലിം, ദുബൈയിൽ അൽ റ
കൺസ്ട്രക്ഷൻ കമ്പനി നടത്തുന്ന എൻജിന
ബിസ്മത്ത് അബ്ദുൽ റഹ്മാൻ തുടങ്ങിയവരാ
ചെറുപ്പക്കാരുടെ ഒരു സംഘം ജൂഡ്സനെ പി
യ്ക്കാനുണ്ട്. കൊച്ചിയിലും ദുബൈയിൽ
സബീൽ മോസ്കിന് സമീപം അൽ റിഗ്ഗ ബിൽ
ഗിലും ഓഫീസുമായി യൂണിക് ഇന്റർന
ണൽ എന്ന പേരിൽ പുതിയ കമ്പനി
സ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു
ഞ്ഞു.



സ്വന്തമായൊരു വീട് സ്വപ്ന
കരുതുന്ന പ്രവാസിയെ മന
കണ്ടു കൊണ്ടുള്ളതാണ് ഈ സ
രമെന്ന് ജൂഡ്സൺ പറയുന്നു. ഗ
ലിരിക്കുന്ന പ്രവാസിയുടെ ന
ലുള്ള സ്ഥലത്തിന്റെ സ്കെച്ച്
ച്ചാൽ ഉദ്ദേശിക്കുന്ന തരത്തില
വീടോ മറ്റ് മന്ദിരങ്ങളോ രൂപകൽ
ചെയ്ത് നിർമിച്ചു കൊടുക്കുക
ലക്ഷ്യം. നിർമാണത്തിന്റെ ഓരോ ഘ
ചിത്രങ്ങളായും വീഡിയോ രൂപത്തി
ഗൾഫിൽ ലഭ്യമാകും.

കെട്ടിട നിർമാണത്തിന്റെ മേൽനോട്ടമടക്കം ഒന്നി
പണം മുടക്കുന്നവർ ആശങ്കപ്പെടേണ്ടതില്ല. അ
മയം തുടക്കം മുതൽ ഒടുക്കം വരെ ഇതു സംബന്ധ
എല്ലാ വിവരങ്ങളും അവർക്കറിയാനുമാകും. ഗൾഫ
മറ്റ് പ്രമുഖ നഗരങ്ങളിലും താമസിയാതെ യൂണി
ഇന്റർനാഷണലിന്റെ ഓഫീസുകൾ തുറക്കാ
പദ്ധതി. സ്ഥലം അടക്കം കണ്ടെത്തി വീടുകളും സ
ച്ചയങ്ങളും തീർത്തു കൊടുക്കുന്നതും യൂണി
ഇന്റർനാഷണൽ വിഭാവനം ചെയ്യുന്നു.

നഗരവീഥികൾക്ക് അഴകായി ഉയർന്നു നിൽക്കു
അംബരചുംബികളും മലയടക്കുകളിലെയും കായ
ങ്ങളിലെയും കൊതിപ്പിക്കുന്ന റിസോർട്ടുക
കാണുമ്പോൾ ചോദിച്ചോളൂ; ഇതാദ്യം മനസിൽ ക
വരച്ചത് കൊച്ചിയിലെ 'ജൂഡ്സണല്ലേ? ജൂഡ്സ
വരച്ച കെട്ടിടങ്ങളുടെ ത്രിമാന ചിത്രങ്ങളട
വെബ്സൈറ്റിന്റെ വിലാസം
perspectivedesign.com